"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം-വന്യജീവി വകുപ്പ് - ജീവനക്കാര്യം - റാന്നി ഡിവിഷനിലെ വടശ്ശേരിക്കര റേഞ്ചിലെ മണിയാർ ഭാഗത്ത് കടുവ സെൻസസിനായി സ്ഥാപിച്ച ക്യാമറ തകർത്തതുമായി ബന്ധപ്പെട്ട് കസ്റ്റഡിയിൽ എടുത്തിരുന്ന പ്രതിയായ പി.വി.മത്തായി മരിച്ച സംഭവം - ശ്രീ.ബി.വേണുകുമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്കെതിരെയുള്ള അച്ചടക്ക നടപടി - ഔപചാരികാന്വേഷണത്തിന് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

G.O.(Rt)No.177/2023/F&WLD തീയതി,തിരുവനന്തപുരം, 04-05-2023

പരാമർശം:-

1 . 23.12.2021-ലെ നമ്പർ 03/05 (S)2020/CBI/TVM/2196 കത്ത് - ബ്രാഞ്ച് തലവൻ, സി.ബി.ഐ. എസ്.ബി.ബി., തിരുവനന്തപുരം.

2 . 02.12.2022 -ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ KFDHQ/3042/2020-ADMIN/B3 നമ്പർ കത്ത്.

3 . 20.12.2022-ലെ FWLD-A2/47/2020-FWLD നമ്പർ കുറ്റപത്രം/കുറ്റാരോപണ പത്രിക.

4 . 21.02.2023 തീയതിയായി ശ്രീ.ബി.വേണുകുമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച അപേക്ഷ

5 . 28.02.2023 -ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ KFDHQ/3042/2020-ADMIN/B3 നമ്പർ കത്ത്.

<u>ഉത്തരവ്</u>

റാന്നി ഡിവിഷനിലെ വടശ്ശേരിക്കര റേഞ്ചിലെ മണിയാര് ഭാഗത്ത് കടുവ സെന്സസിനായി സ്ഥാപിച്ച ക്യാമറ തകർത്തതുമായി ബന്ധപ്പെട്ട് ചിറ്റാർ ഫോറസ്റ്റ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ഒ.ആർ.06/2020 നമ്പർ കേസ് വന്യജീവി വേട്ടയുമായി ബന്ധമുള്ള കേസ്സ് ആണെന്ന് വരുത്തി തീർക്കാനും ടി കേസുമായി ബന്ധപ്പെട്ട് കസ്റ്റഡിയിലെടുത്ത പി.പി.മത്തായി എന്നയാൾ വനം വകുപ്പ് ഉദ്യോഗസ്ഥരുടെ കസ്റ്റഡിയിലിരിക്കെ മരണപ്പെട്ടത് ന്യായീകരിക്കുന്നതിലേയ്ക്ക് ടിയാന് ആത്മഹത്യാ പ്രവണതയുള്ളയാളാണെന്നു വരുത്തിതീർക്കുന്നതിനു വേണ്ടി ശ്രീ.അരുൺ സത്യൻ എന്ന വിവരദാതാവിന്റെ മൊഴി 31.07.2020-ൽ സത്യസന്ധത ഇല്ലാതെ രേഖപ്പെടുത്തിയതായി സി.ബി.ഐ. അന്വേഷണത്തിൽ കണ്ടെത്തുകയും മേൽ കണ്ടെത്തൽ പൊതുജനമധ്യേ വനം വകുപ്പിന്റെ സൽപ്പേരിന് കളങ്കം വരുത്തുവാൻ ഈടാക്കിയതിനാൽ ശ്രീ.ബി.വേണുകുമാർ, റെയിഞ്ച് ഫോറസ്റ്റ്

ഓഫീസർക്കെതിരെ കഠിനശിക്ഷയുള്ള അച്ചടക്ക നടപടി സ്വീകരിക്കുവാൻ ഭരണവിഭാഗം അഡീഷണൽ പ്രിന്സിപ്പല് ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (2) പ്രകാരം ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം ടിയാന് കുറ്റപത്രം/ കുറ്റാരോപണ പത്രിക നല്കുകയുണ്ടായി.

എന്നാൽ പ്രതിവാദ പത്രിക സമർപ്പിക്കുന്നതിന് പകരം ടി വിഷയത്തിന്മേൽ ഒരു ഔപചാരിക അന്വേഷണം നടത്തി തന്റെ നിരപരാധിത്വം തെളിയിക്കുവാൻ അവസരം നൽകണമെന്ന് ശ്രീ.ബി.വേണുകുമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ പരാമർശം (4) പ്രകാരം ആവശ്യപ്പെടുകയുണ്ടായി. കുറ്റാരോപണങ്ങൾക്ക് ശ്രീ.ബി.വേണുകുമാർ, പ്രതിവാദങ്ങളൊന്നും ഉന്നയിച്ചിട്ടില്ലാത്തതിനാൽ ടിയാന്റെ ആവശ്യപ്രകാരം ഔപചാരിക അന്വേഷണത്തിന് ഉത്തരവാകാവുന്നതാണെന്ന് ഭരണ വിഭാഗം ഉപമുഖ്യവനപാലകൻ പരാമർശം (5) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച ഈ വിഷയത്തിൽ കൂടുതൽ തെളിവുകൾ സ്വീകരിക്കുന്നതിനും വസ്തുതകൾ പുറത്തുകൊണ്ടുവരുന്നതിനുമായി ഒരു ഔപചാരിക അന്വേഷണം നടത്തുന്നതിനായി അന്വേഷണ വിചാരണ അധികാരിയായി ശ്രീ.ജസ്റ്റിൻ സ്റ്റാൻലി.കെ.എസ്, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി എക്സ്റ്റൻഷൻ, കൊല്ലം-നെയും പ്രസെന്റിങ് ഓഫീസറായി ശ്രീ.അനീഷ്കുമാർ എ.പി, കല്ലാർ റേഞ്ച് ഫോറസ്റ്റ് ഓഫീസറെയും നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

അന്വേഷണാധികാരി കർശനമായും 2 മാസത്തിനകം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SEETHA S LAKSHMI
UNDER SECRETARY

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഭരണം).
ശ്രീ. ജസ്റ്റിൻ സ്റ്റാൻലി കെ.എസ്, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി എക്സ്റ്റൻഷൻ, കൊല്ലം
ശ്രീ.അനീഷ്കുമാർ എ.പി, കല്ലാർ റേഞ്ച് ഫോറസ്റ്റ് ഓഫീസർ
ശ്രീ.ബി.വേണുകുമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ
(അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Shaji A M
Date: 04-05-2023 16:30:16